**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4508 28.06.2012- ൽ മറുപടിക്ക്**

**ചെമ്മാപ്പിള്ളിക്കടവ് പാലത്തിന്റെ നിർമ്മാണപ്രവൃത്തികൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീമതി. ഗീതാ ഗോപി** | | **ശ്രീ. അടൂർ പ്രകാശ് (ബഹു. റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| (എ) | തൃശ്ശൂർ ജില്ലയിലെ നാട്ടിക, താന്ന്യം എന്നീ ഗ്രാമ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ചെമ്മാപ്പിള്ളിക്കടവ് തൂക്കുപാല ത്തിന്റെ നിർമ്മാണത്തിന് ഇതു വരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ചെമ്മാപ്പിള്ളിക്കടവ് പാലത്തിന് 15.11.2010-ൽ ഭരണാനുമതി നൽകുകയും കേരള ഇലക്ട്രോണിക്സ് ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡു (കെൽ) മായി ജില്ലാ കളക്ടർ എഗ്രിമെന്റ് ഒപ്പു വയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ സ്ഥലം ലഭിക്കാനുള്ള കാലതാമസം കാരണം പണി ആരംഭിക്കുവാൻ കഴിഞ്ഞിരുന്നില്ല.<br>സ്ഥലം ലഭിച്ചു എന്ന് റിപ്പോർട്ടു ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 24.02.2012 ൽ കരാർ പുതുക്കുന്നതിനുള്ള അനുമതി നല്കി. ഇപ്പോൾ നിർവ്വഹണ ഏജൻസിയായ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ) ജില്ലാ കളക്ടറുമായി പുതുക്കിയ കരാർ ഒപ്പിട്ട ശേഷം സോയിൽ ടെസ്റ്റ്, ഡിസൈനിംഗ്, കോൺടൂർ സർവ്വെ തുടങ്ങിയ പ്രാഥമിക ജോലികളെല്ലാം പൂർത്തിയാക്കിയിട്ടുണ്ട്. പാലത്തിന് ആവശ്യ മായ സാമഗ്രികളുടെ നിർമ്മാണം തങ്ങളുടെ ഫാക്ടറിയിൽ നടക്കുന്നുണ്ടെന്നും ഉടൻ തന്നെ പണി തുടങ്ങാൻ കഴിയുമെന്നും മൂന്ന് മാസത്തിനകം പണി പൂർത്തിയാക്കാനാ കുമെന്നും കെൽ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പാലം പണിയുന്നതിന് നിർവ്വഹണ ഏജൻസിക്ക് നൽകേണ്ട ആദ്യ ഗഡു തുക ജില്ലാ കളക്ടർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. പൂർത്തീകരണ കാലാവധി അവസാനിച്ചതിനാൽ കാലാവധി ദീർഘിപ്പിച്ചു നൽകണമെന്ന നിർവ്വഹണ ഏജൻസിയുടെ അപേക്ഷയിൽ മേൽ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത തൂക്കുപാലത്തിന്റെ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സം ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | നിലവിൽ തടസ്സങ്ങളൊന്നുമില്ല. |
| (സി) | എങ്കിൽ പ്രസ്തുത തടസ്സം നീക്കി അടിയന്തിരമായി പാലം പണി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ